# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2332 — 20.06.2012-ൽ മറുപടിയ്ക്ക്

### അമ്പലപ്പുഴയിൽ കടലാക്രമണം തടയുന്നതിന് നടപടി

ചോദ്യം : ശ്രീ. ജി. സുധാകരൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി, പുറക്കാട്, കാക്കാഴം പടിഞ്ഞാറ്, നീർക്കുന്നം, വണ്ടാനം പടിഞ്ഞാറ് തുടങ്ങിയ തീരപ്രദേശങ്ങൾ കടലാക്രമണ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ കാലവർഷം ശക്തിപ്പെടുന്നതിന് മുമ്പ് ഈ പ്രദേശങ്ങളിൽ എന്തെല്ലാം സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) അടിയന്തിരഘട്ടങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. |
| (സി) പുറക്കാട് ഗ്രാമപഞ്ചായത്തിലെ 1, 17, 18 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തെ കടൽഭിത്തി നിർമ്മാണം പൂർത്തികരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പുറക്കാട് ഗ്രാമപഞ്ചായത്തിൽ 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 300 മീറ്റർ കടൽഭിത്തി നിർമ്മാണത്തിന് 2011-12, 2012-13 വർഷത്തിലേക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണഘടന തീരുമാനിക്കുന്നതിനായി കോസ്റ്റൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ